**അഹം ഭവാന്ന ചാന്യാസ്ത്വം ത്വമേവാഹം വിചക്ഷ്വ ഭോ:**
**ന നൗ പശ്യന്തി കവയ: ഛിദ്രം ജാതു മനാഗപി (4-28-62)**
**യഥാ പുരുഷ ആത്മാനമേകാദർശചക്ഷുഷോ:**
**ദ്വിതാഭുതമവേക്ഷേത തഥൈവാന്തരമാവയോ: (4-28-63)**

നാരദൻ തുടർന്നു: പ്രജ്വരനെ വിവാഹം ചെയ്ത് ഭയത്തിൻെറ സേനാബലത്തോടുകൂടി കാലപുത്രി ലോകത്തിൽ ദുരിതം വിതച്ചു നടന്നു. ഒരു ദിവസം അവർ പുരഞ്ജന നഗരിയെ ആക്രമിച്ചു. കാലപുത്രിയുടെ (ദുർഭഗ) പിടിയിൽ പുരഞ്ജൻ നിസ്സഹായനായി. ഭയത്തിൻെറ സേന വരുത്തിവെച്ച ദുരിതങ്ങളാൽ നഗരവാസികൾക്ക് പലേവിധത്തിലുമുള്ള ദു:ഖങ്ങളുമുണ്ടായി. പുരഞ്ജനൻെറ മനസ്സ് വിഷയാസക്തിയിൽനിന്നും ഇനിയും മുക്തി പ്രാപിച്ചിട്ടുണ്ടായിരുന്നില്ല. അവസാനം മനമില്ലാമനമോടെ നഗരം വിട്ടുപോകാൻ അദ്ദേഹം തീരുമാനിച്ചു. പ്രജ്വരൻ നഗരത്തിൽ പ്രവേശിച്ചതോടെ നഗരം കത്താൻ തുടങ്ങി. പുരഞ്ജനൻെറ സ്ഥിതി വളരെ കഷ്ടത്തിലായി. നഗരപാലകനായ പ്രജാഗരസർപ്പവും അവസാനത്തെ ഒരു ശ്രമം പരാജയപ്പെട്ടപ്പോൾ നഗരം വിട്ടുപോകാൻ തിരുമാനിച്ചു. നഗരം തൻേറതാണെന്നും, ഭാര്യയും കുട്ടികളും തൻേറതാണെന്നും ഉള്ള വിചാരത്താൽ അവർക്കു വേണ്ടി പുരഞ്ജനൻ വ്യസനപ്പെട്ടു. ഭയം അയാളെ കെട്ടിമുറുക്കി കൊണ്ടു പോകാൻ തുനിയുമ്പോഴും തൻെറ പഴയ സുഹൃത്തായ അവിജ്ഞാതനെ ഓർമ്മ വന്നില്ല. ദൂരത്തായി താൻ ഉപദ്രവിച്ചു കൊന്ന മൃഗങ്ങൾ പുരഞ്ജനനെ കാത്തുനിന്നിരുന്നു.

ഹൃദയത്തിൽ, അപ്പോഴും രാജാവിന് ഭാര്യയുമായുള്ള ആസക്തി കൈവിട്ടിരുന്നില്ല. അതുകൊണ്ട് അദ്ദേഹം അടുത്തജന്മത്തിൽ വിദർഭയിലെ രാജാവിൻെറ സുന്ദരിയായ മകളായി ജനിച്ചു. പാണ്ഡ്യരാജ്യത്തിൻെറ രാജാവായ മലയധ്വജൻ അവളെ വിവാഹം ചെയ്തു. അവർക്ക് സുന്ദരിയായ ഒരു മകളും ഏഴു പുത്രന്മാരും ഉണ്ടായി. മകളെ അഗസ്ത്യമുനിക്ക് വിവാഹം ചെയ്തു കൊടുത്തു. മലയധ്വജൻ ഭാര്യയുമൊത്ത് വനത്തിലേക്ക് പോയി. അവിടെ തൻെറ മനസ്സും ശരീരവും ശുദ്ധീകരിച്ച് ഭഗവാൻ ശ്രീകൃഷ്ണനെ ധ്യാനിച്ച് തീവ്രസാധനയിലും തപസ്സിലും കഴിഞ്ഞു. അങ്ങിനെ പരമാത്മസ്വരൂപനായ ഭഗവാനിൽ വിലീനമായി, നിർവ്വാണപദം പൂകി. അദ്ദേഹം ദ്വന്ദശക്തികളെ വെന്ന്, ആത്മാവിനെ സാക്ഷിരൂപത്തിൽ തിരിച്ചറിഞ്ഞ്, ശരീരമനോവ്യപാരങ്ങളെ നിസ്സംഗതയോടെ കണ്ടു. അങ്ങിനെ ഭഗവൽധ്യാനത്തിൽ ഏറെക്കാലം തപസ്സിരുന്നാണ് ഒടുവിൽ അദ്ദേഹം ശരീരമുപേക്ഷിച്ചത്. മലയധ്വജൻെറ രാജ്ഞിയും ഭർത്താവിൻെറ പാതയിൽ ധ്യാനനിരതയായി വർത്തിച്ചു. രാപകൽ ഭർത്തൃശുശ്രൂഷ ചെയ്ത അവർ ഒരു ദിനം ഭർത്താവിൻെറ കാലുകൾ തണുത്തു മരവിച്ചതായി കണ്ടു. അതീവ ദു:ഖഭാരത്തോടെ ചിതയൊരുക്കി ഭർത്തൃശരീരം അതിനു മുകളിൽവെച്ച് സ്വയം അതിൽ കയറാൻ തുടങ്ങുമ്പോൾ ഒരു ബ്രാഹ്മണൻ പ്രത്യക്ഷപ്പെട്ട് തടഞ്ഞു.

"എന്നെ ഓർക്കുന്നുണ്ടോ? നിങ്ങളുടെ ഏറ്റവും അടുത്ത സുഹൃത്ത് അവിജ്ഞാതനാണ് ഞാൻ. ഏറെക്കാലം മുൻപ് കഴിഞ്ഞ ജന്മത്തിൽ നമ്മൾ നല്ലൊരു ഗൃഹം തേടിപ്പോയി. ഒരിടത്ത് ഒരു സ്ത്രീയുടെ സൗന്ദര്യത്തിൽ മയങ്ങി വിഷയസുഖങ്ങളാസ്വദിക്കാൻ നിങ്ങൾ അവിടെത്തന്നെ കഴിഞ്ഞുപോന്നു. ആ മാളികയ്ക്കു ചുറ്റുമായി അഞ്ചു പൂന്തോട്ടങ്ങളും, ഒൻപതു കവാടങ്ങളും, ഒരു നഗരപാലകനും, മൂന്നു ഭിത്തികളും, ആറു കച്ചവടക്കാരും, അഞ്ച് വിപണികളും ഉണ്ടായിരുന്നു. ഒരു സ്ത്രീയായിരുന്നു ആ നഗരത്തിൻെറ അധിപ. നിങ്ങൾ ദിവ്യമായ ആത്മസ്വരൂപത്തെ മറന്നതുകൊണ്ട് ആ ശരീരം ഉപേക്ഷിച്ചപ്പോൾ വീണ്ടും വിദർഭ രാജാവിൻെറ മകളായി പിറക്കുകയാണുണ്ടായത്."

"ഞാൻ നീയും നീ ഞാനുമാണ്. വ്യത്യാസം, കണ്ണാടിയിലെ പ്രതിബിംബവും മറ്റുള്ളവരുടെ കൃഷ്ണമണിയിലെ പ്രതിബിംബവും തമ്മിലുള്ള വ്യത്യാസമത്രെ. നീയും ഞാനും അനുഗൃഹീതരായ ഹംസങ്ങളത്രെ. വിശ്വാവബോധത്തിൻെറ പൊയ്കയിൽ എന്നേയ്ക്കും കഴിയേണ്ട ഹംസങ്ങൾ." ഇതുകേട്ട് രാജ്ഞിയും ശരീരമുപേക്ഷിച്ച് വിശ്വാവബോധം പ്രാപിച്ചു.